CONSTITUTIONAL ADVISORY COMMITTEE

317. മിസ്റ്റർ കെ. എ. രാഘവൻ:

താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമൊ.—

ഭരണഘടനോപദേശക സമിതിയുടെ റിപ്പോർട്ട്, അതിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചു, എന്നു സമർപ്പിക്കും?

റാവു സാഹിബ് എ. മാധവപ്രഭു:

ഉത്തരവാദഭരണസ്ഥാപനം സംബന്ധിച്ചു വിഷയങ്ങളുടെ പര്യാലോചന അടുത്ത കുറച്ചു മാസങ്ങൾക്കുള്ളിൽ പൂർത്തിയാവുന്നതാണു്. ഇന്ത്യയിലെ പുതിയ ഭരണഘടനയേയും ഈ രാജ്യവും ഇന്ത്യൻ യൂണിയനുമായുള്ള ബന്ധത്തേയും കേരള യൂണിയനേയും സംബന്ധിച്ചുള്ള വിഷയങ്ങളുടെ പര്യാലോചന കൂടുതൽ സമയം എടുത്തേക്കും.

HIGH SCHOOL NARAKKAL—PLAYGROUND FOR

318. Mr. M. I. Paul *(Narakkal):* Will Government be pleased to state.—

(*a*) whether the Government are aware that the students of the Narakkal High School feel great difficulty by the absence of a good playground near their High School; if so, what action has been taken;

(*b*) whether when the Hon'ble Minister for Education presided over a propaganda meeting of the Prajamandal party the students did not beg the audiance to move away and give them space to play;

(*c*) whether Government are aware that the Chappa Maidan was left open as poramboke for the recreation of the people at large and not as a playground for the High School students during the Diwanship of Sir R. K. Shanmukham Chetty after a fight between the people and one individual of the locality ?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) The recreation ground at Narakkal was recently improved and ordered to be placed for the use of both the students of the Narakkal High School and of the public in general.

(*b*) Yes, some such representation appears to have been made.

(*c*) The recreation ground at Narakkal can be used by the students of the High School as a playground and by the public as a recreation ground.

NELLIAMPATHY HILLS—SPACE LEFT VACANT BY REMOVAL OF TREES

319. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവായി മറുപടി പറയുമൊ.—

(എ) നെല്ലിയാമ്പതി മലയിൽ ഇപ്പോൾ വെള്ളമരം വെട്ടിയെടുത്തു് ഒഴിവായി കിടക്കുന്ന സ്ഥലം ഗവൺമെണ്ടു് എന്താണു ചെയ്യുവാൻ ഉദ്ദേശിക്കുന്നതു് ;

(ബി) അതിൽ തൈക്കാടു വെച്ചു പിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവൊ ;

(സി) ഉണ്ടെങ്കിൽ എത്ര ജാതി മരങ്ങൾ ഉണ്ടാക്കുവാനാണു് ആലോചിക്കുന്നതു് ;

(ഡി) ആവശ്യമുള്ളവർക്കു് അതു പതിച്ചുകൊടുക്കുന്നതാണൊ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) നെല്ലിയാമ്പതിയിൽ ഇപ്പോൾ തീരെ മരമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലമില്ല. മരങ്ങൾ മുറിച്ചു് ട്ടുള്ളതു് അവിടവിടെയായിട്ടാണു്. ആയതുകൊണ്ടു് ടി കാര്യത്തെപ്പറ്റി ചിന്തിക്കേണ്ട ആവശ്യം നേരിട്ടിട്ടില്ല.

(ബി) ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly